സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്,
എസ്റ്റേറ്റ് വകുപ്പ്, തിരുവനന്തപുരം - 1,
ഫോൺ: 0471 - 2337790

No.419

# ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കോട്ടയം ഗ്രൂപ്പിൽ കുമരകം സബ്ഗ്രൂപ്പിൽപ്പെട്ട ചെങ്ങളം ദേവസ്വം വക വസ്തുവിൽ നിൽപ്പുള്ളതായ 118 (നൂറ്റിപതിനെട്ട്) റബ്ബർ മരങ്ങൾ (സർവ്വേ റിപ്പോർട്ട് തുകയായ 1,03,000/-രൂപ) കോട്ടയം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസിൽ വച്ച് **23.09.2021-ന് ഉച്ചയ്ക്ക് 2.00 മണിക്ക്** പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. പ്രസ്തുത ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അന്നേദിവസം ലേലസമയത്തിന് മുമ്പ് 10,000/- രൂപ നിരതദ്രവ്യം ഹാജരാക്കേണ്ടതാണ്. നിശ്ചിത തുകയ്ക്കുള്ള നിരതദ്രവ്യത്തോട് കൂടി ക്വട്ടേഷനുകളും ലേല സമയത്തിനു മുമ്പ് ഹാജരാക്കാവുന്നതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് വിളി കേൾക്കുന്ന/ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ആ വ്യക്തി അപ്പോൾ തന്നെ വിളിച്ച തുകയുടെ 50% കെട്ടിവയ്ക്കേണ്ടതുമാണ്. ദേവസ്വം ബോർഡിന്റെ അനുവാദം വരുന്ന മുറയ്ക്ക് ബാക്കി തുക ഒരാഴ്ചയ്ക്കുള്ളിൽ കെട്ടിവച്ച് ഡിപ്പാർട്ട്മെന്റ് വ്യവസ്ഥകൾക്ക് വിധേയമായി 10 ദിവസത്തിനകം മരം വെട്ടിയെടുത്ത് നീക്കംചെയ്യേണ്ടതുമാണ്. ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്നപക്ഷം കെട്ടിവച്ച തുക ഡിപ്പാർട്ട്മെന്റിൽ മുതൽകൂട്ടി തുടർനടപടികൾ എടുക്കുന്നതായിരിക്കും. ലേലം പിടിക്കുന്നയാൾ/ക്വട്ടേഷൻ നൽകുന്നയാൾ വിളിക്കുന്ന/ക്വട്ടേഷൻ നൽകുന്ന തുകയോടൊപ്പം വാണിജ്യ നികുതി വകുപ്പിൽ അടയ്ക്കേണ്ടതായ 18% (ജി.എസ്.റ്റി) നികുതി രസീത് വാങ്ങേണ്ടതുമാണ്. ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും, യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും, മാറ്റിവയ്ക്കുന്നതിനും ഉള്ള പരിപൂർണ്ണ സ്വാതന്ത്ര്യം ഡിപ്പാർട്ട്മെന്റിൽ നിക്ഷിപ്തമായിരിക്കും. ലേല ദിവസം ഏതെങ്കിലും കാരണവശാൽ അവധി ആയാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ഇതേ സമയത്ത് ലേല നടപടികൾ നടത്തുന്നതായിരിക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള മറ്റെല്ലാ ലേലവ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഈ ആഫീസുമായോ, കോട്ടയം അസിസ്റ്റന്റ് ദേവസ്വം കമീഷണർ ആഫീസുമായോ ബന്ധപ്പെടാവുന്നതാണ്.

sd/-

**രഞ്ജിത്ത് കെ.ശേഖർ**
എക്സിക്യൂട്ടീവ് എഞ്ചിനീയർ

തിരുവനന്തപുരം
16/09/2021